ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

DATE : 22.06.2026 TIME : 07.25 PM

## പ്രധാന

1. 2026 ലെ പത്മ പുരസ്കാരങ്ങളുടെ രണ്ടാംഘട്ട വിതരണം രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ നിർവഹിക്കും.

   **President Draupadi Murmu will present the second batch of Padma Awards 2026 in New Delhi tomorrow.**

2. കഴിഞ്ഞ 12 വർഷത്തിനിടയിൽ രാജ്യത്തുണ്ടായ മാറ്റങ്ങൾ ഭരണസംവിധാനത്തിലുള്ള ജനങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the changes in the country in the last 12 years have strengthened the people's faith in the governance system.**

3. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, മംഗോളിയൻ വിദേശകാര്യ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി; വികസനം, വിദ്യാഭ്യാസം, സുരക്ഷ എന്നീ മേഖലകളിലെ സഹകരണ സാധ്യതകൾ ചർച്ചയായി.

   **External Affairs Minister S. Jaishankar met the Mongolian Foreign Minister; possibilities of cooperation in the fields of development, education and security were discussed.**

4. ഏകദിന സന്ദർശനത്തിനായി നാളെ കേരളത്തിലെത്തുന്ന കേന്ദ്ര മന്ത്രി മൻസുഖ്

മാണ്ഡവ്യ വിവിധ കായിക പരിപാടികളിൽ പങ്കെടുക്കും.

**Union Minister Mansukh Mandavya, who will arrive in Kerala tomorrow for a one-day visit, will participate in various sports events.**

5. **പുതുക്കിയ ബജറ്റിന്മേലുള്ള പൊതു ചർച്ചയ്ക്ക് കേരള നിയമസഭയിൽ ഇന്ന് തുടക്കമായി.**

**The public debate on the revised budget began in the Kerala Legislative Assembly today.**

6. **ഫിഫ ലോകകപ്പിൽ ഇന്ന് അർജന്റീന - ഓസ്ട്രിയയെ നേരിടും.**

**Argentina will face Austria in the FIFA World Cup today.**

*************************************

## PADMA AWARDS

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. നടൻ മമ്മൂട്ടി, മോഹിനിയാട്ടം നർത്തകി കലാമണ്ഡലം വിമല മേനോൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ പി നാരായണൻ ഉൾപ്പെടെയുള്ളവർ പുരസ്ക്കാര ജേതാക്കളിൽ ഉൾപ്പെടുന്നു.

*************************************

## PM GOYAL ARTICLE

കഴിഞ്ഞ 12 വർഷത്തിനിടയിൽ രാജ്യത്തുണ്ടായ മാറ്റങ്ങൾ ഭരണത്തിലും ഭരണ സംവിധാനത്തിലുമുള്ള ജനങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്തുന്നതിൽ വിജയിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പൊതുക്ഷേമ പദ്ധതികളിലൂടെ ദശലക്ഷക്കണക്കിന് പൗരന്മാരുടെ ജീവിതം കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവുമാക്കുന്നതിൽ ഈ മാറ്റങ്ങൾ നിർണായക പങ്കുവഹിച്ചതായും അദ്ദേഹം പറഞ്ഞു. കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ എഴുതിയ ലേഖനം സമൂഹമാധ്യമത്തിൽ പങ്കുവെച്ചുകൊണ്ടാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

*************************************

## JAISHANKAR-MONGOLIA FM MEET

വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, മംഗോളിയൻ വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തത്തിന്റെ ഊഷ്മളതയും കരുത്തും പ്രതിഫലിപ്പിക്കുന്നതായിരുന്നു ചർച്ചകളെന്ന് വിദേശകാര്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. വികസനം, വിദ്യാഭ്യാസം, സുരക്ഷ എന്നിവയ്ക്ക് പുറമെ ഖനനം, ഹരിത ഊർജ്ജം, കാർഷിക സംസ്കരണം എന്നീ മേഖലകളിലെ പുതിയ സാധ്യതകളും ഇരുനേതാക്കളും വിലയിരുത്തി. മംഗോളിയൻ സന്ദർശനത്തിന് ശേഷം വിദേശകാര്യമന്ത്രി

ദക്ഷിണകൊറിയയിലേക്ക് തിരിക്കും. വ്യാഴാഴ്ച ജെജുവിൽ നടക്കുന്ന 'ജെജു ഫോറം ഫോർ പീസ് ആൻഡ് പ്രോസ്പെരിറ്റി' യിൽ അദ്ദേഹം മുഖ്യപ്രഭാഷണം നടത്തും.

************************************

## RAJNATH-ISRAEL

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ ഇസ്രായേൽ പ്രതിരോധ മന്ത്രാലയം ഡയറക്ടർ ജനറൽ റിട്ടയേർഡ് മേജർ ജനറൽ അമീർ ബരാമുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ഇസ്രായേൽ തന്ത്രപ്രധാന പങ്കാളിത്തത്തിന്റെ പരിധിയിൽ നിന്നുകൊണ്ട്, ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം വിപുലീകരിക്കുന്നതിനുള്ള ഇസ്രായേലിന്റെ താല്പര്യം അമീർ ബരാം, രാജ്നാഥ് സിംഗിനെ ധരിപ്പിച്ചതായി പ്രതിരോധ മന്ത്രാലയം സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു.

************************************

## CISF- HQ (INTRO)

രാജ്യത്തിന്റെ വളർച്ചയ്ക്ക് സുരക്ഷയൊരുക്കുന്ന 'സാമ്പത്തിക സൈനികരായാണ്' സി.ഐ.എസ്.എഫ് ജവാന്മാർ പ്രവർത്തിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ബണ്ഡി സഞ്ജയ് കുമാർ. ന്യൂഡൽഹിയിൽ സി.ഐ.എസ്.എഫ്. ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം

നിർവഹിക്കുകയായിരുന്നു അദ്ദേഹം. സേനാംഗങ്ങളുടെ ക്ഷേമത്തിനായി ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയ അടിസ്ഥാന സൗകര്യ വികസനങ്ങൾ, സാങ്കേതിക മുന്നേറ്റങ്ങൾ, ക്ഷേമപദ്ധതികൾ എന്നിവ മന്ത്രി പ്രഖ്യാപിച്ചു.

ജവാന്മാരുടെയും അവരുടെ കുടുംബങ്ങളുടെയും മാനസികാരോഗ്യം ഉറപ്പാക്കുന്നതിന് കൗൺസിലിങ് നൽകുന്ന സി.ഐ.എസ്.എഫിന്റെ 'പ്രോജക്ട് മൻ' എന്ന പദ്ധതിയെ അദ്ദേഹം അഭിനന്ദിച്ചു.

(വോയ്സ്)

*************************************

## STARMER-RESIGNS

ബ്രിട്ടീഷ് പ്രധാനമന്ത്രി കീർ സ്റ്റാർമർ രാജിവച്ചു. പ്രധാനമന്ത്രി പദവിയും ലേബർ പാർട്ടി നേതൃത്വവും ഒഴിയുന്നതായി അദ്ദേഹം അറിയിച്ചു. സ്വന്തം പാർട്ടിയിൽ നിന്നുള്ള കടുത്ത സമ്മർദ്ദത്തെ തുടർന്നാണ് രാജി എന്നാണ് റിപ്പോർട്ട്. പ്രധാനമന്ത്രിയായി ഇരുന്ന രണ്ടു വർഷക്കാലം എടുത്ത തീരുമാനങ്ങളെല്ലാം രാജ്യനന്മയ്ക്കായിരുന്നെന്ന് രാജിപ്രഖ്യാപനത്തിൽ അദ്ദേഹം പറഞ്ഞു. പുതിയ നേതാവിനെ തിരഞ്ഞെടുക്കുന്നത് വരെ സ്റ്റാർമർ താൽക്കാലികമായി പദവിയിൽ തുടരും.

*************************************

## BRICS NSA

പതിനാറാമത് ബ്രിക്സ് ദേശീയ സുരക്ഷാ ഉപദേശകരുടെ യോഗത്തിനിടെ, ദേശീയ സുരക്ഷാ ഉപദേശകൻ അജിത് ഡോവൽ ഇറാന്റെ എസ്.എൻ.എസ്.സി പ്രതിരോധ കാര്യ ഡെപ്യൂട്ടി സെക്രട്ടറിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരുപക്ഷവും പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യങ്ങൾ അവലോകനം ചെയ്തതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ബ്രിക്സ് സഹകരണത്തെക്കുറിച്ചും ഇന്ത്യ-ഇറാൻ ഉഭയകക്ഷി ബന്ധത്തെക്കുറിച്ചും ചർച്ച ചെയ്തു.

എത്യോപ്യയിലെ നാഷണൽ ഇന്റലിജൻസ് ആൻഡ് സെക്യൂരിറ്റി സർവീസസിന്റെ അനാലിസിസ് എക്സിക്യൂട്ടീവ് ഡയററുമായും അജിത് ഡോവൽ കൂടിക്കാഴ്ച നടത്തി.

************************************

## SHASHI THAROOR: J&K VISIT

അതിർത്തി സുരക്ഷ, വിദേശനയം തുടങ്ങിയ വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനായി പാർലമെന്റിന്റെ വിദേശകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ജമ്മു കശ്മീർ, ലഡാക്ക് സന്ദർശനം ആരംഭിച്ചു. ശശി തരൂർ എം പി അധ്യക്ഷനായ സമിതി നാല് ദിവസം സന്ദർശനം നടത്തും. ഇന്ത്യയുടെ ഉഭയകക്ഷി ബന്ധങ്ങളിലെ സമീപകാല വികാസങ്ങൾ, സിന്ധു നദിജല

ഉടമ്പടി, അതിർത്തി കടന്നുള്ള ഭീകരത തുടങ്ങിയവ സമിതി പരിശോധിക്കും. ഈ മാസം 25 വരെയാണ് സന്ദർശനം.

*************************************

## MANDAVIYA-KERALAM

കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ നാളെ കേരളത്തിൽ വിവിധ കായിക പരിപാടികളിൽ പങ്കെടുക്കും. തിരുവനന്തപുരത്ത് ചാക്ക ഐ.ടി.ഐ മുതൽ ശംഖുമുഖം ബീച്ച് വരെ നടത്തുന്ന 'സൈക്ലിങ് ബൈ ദി സീ' എന്ന സൈക്കിൾ റാലിയിൽ പങ്കെടുത്തുകൊണ്ടായിരിക്കും പരിപാടികൾക്ക് തുടക്കം കുറിക്കുക. ജി.വി രാജ സ്പോർട്സ് സ്കൂളും മാണ്ഡവ്യ സന്ദർശിക്കും. തുടർന്ന്, കേരള യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര ഒളിമ്പിക് ദിനാചരണത്തോടനുബന്ധിച്ച് നടക്കുന്ന '2026 ഐച്ചി-നാഗോയ ഏഷ്യൻ ഗെയിംസ് ഫൺ റൺ' പരിപാടിയിലും സംബന്ധിക്കും.

*************************************

## KERALA NIYAMASABHA (INTRO)

പുതുക്കിയ ബജറ്റിന്മേലുള്ള പൊതു ചർച്ചയ്ക്ക് കേരള നിയമസഭയിൽ ഇന്ന് തുടക്കമായി. അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്ക് ഔട്ട് നടത്തി.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്......

(വോയ്സ്)

**********************************

## SHIGELLA + NIPAH

കോഴിക്കോട് ജില്ലയിൽ നിപ രോഗപ്രതിരോധ പ്രവർത്തനങ്ങൾ പൂർണ വിജയത്തിലേക്ക് എത്തുകയാണെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ. ഒരാളിൽ രോഗബാധ കണ്ടെത്തിയതിനെ തുടർന്ന് എല്ലാ സമ്പർക്ക സാധ്യതകളും കണ്ടെത്തി പഴുതടച്ച പ്രതിരോധമാണ് നടത്തിയത്. കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണിതെന്നും മന്ത്രി പറഞ്ഞു. അതേസമയം, കോഴിക്കോട് മാവൂരിൽ ഷിഗല്ല ബാധിച്ച് സ്ത്രീ മരിച്ച സാഹചര്യത്തിൽ പ്രദേശത്ത് നിരീക്ഷണം തുടരുന്നു.

**********************************

## SABHA- QN HOUR

സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ 3,000 രൂപയാക്കുന്നത് സംബന്ധിച്ച് എത്രയും വേഗം തീരുമാനമെടുക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ക്ഷേമ പെൻഷൻ വീടുകളിൽ എത്തിക്കുന്നത് തുടരും. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ സ്വകാര്യ - സർക്കാർ ആശുപത്രികളും

പങ്കാളികളാകുമെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

*************************************

## RAIN

കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ടു ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

*************************************

## FIFA WORLD CUP FOOTBALL

ഫിഫ ലോകകപ്പിൽ അർജന്റീന ഇന്ന് ഓസ്ട്രിയയെ നേരിടും. രാത്രി 10 : 30 നാണ് മത്സരം. ഇന്ന് രാവിലെ നടന്ന ഉറുഗ്വേ -കേപ് വെർദെ മത്സരം സമനിലയിൽ പിരിഞ്ഞു. മറ്റൊരു മത്സരത്തിൽ ഈജിപ്റ്റ് ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് ന്യൂസിലാന്റിനെ പരാജയപ്പെടുത്തി.

*************************************

## LUCKNOW FIRE

ഉത്തർപ്രദേശിലെ ലക്നൗവിൽ അലിഗഞ്ച് പ്രദേശത്ത് ഉച്ചയ്ക്ക് ശേഷമുണ്ടായ തീപിടുത്തത്തിൽ 13 വിദ്യാർത്ഥികൾ മരിച്ചു.

അലിഗഞ്ചിലെ പുരാനിയയിൽ കോച്ചിംഗ് സെന്ററിലാണ് തീപിടുത്തമുണ്ടായത്. പരിക്കേറ്റവരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. 16-നും 18-നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികളാണ് മരിച്ചതെന്ന് ഉത്തർപ്രദേശ് ഉപമുഖ്യമന്ത്രി ബ്രജേഷ് പഥക് പറഞ്ഞു. തിരച്ചിൽ തുടരുകയാണെന്നും അദ്ദേഹം അറിയിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി.

*********************************************

## DISHA 2.0 CONTINUATION

കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഡിസൈനിങ് ഇന്നൊവേറ്റീവ് സൊല്യൂഷൻസ് ഫോർ ഹോളിസ്റ്റിക് ആക്സസ് ടു ജസ്റ്റിസ്' , 'ദിശ 2.0' എന്ന പേരിൽ പരിഷ്കരിച്ച് ഈ വർഷം ഏപ്രിൽ 1 മുതൽ 2031 മാർച്ച് 31 വരെ അഞ്ച് വർഷത്തേക്ക് കൂടി തുടരുന്നതിന് സർക്കാർ അംഗീകാരം നൽകി. സെൻട്രലൈസ്ഡ് ഡിജിറ്റൽ പ്ലാറ്റ്ഫോമും AI അധിഷ്ഠിത 'ന്യായ സേതു' ചാറ്റ്ബോട്ടും ഉൾപ്പെടുന്ന 'വിധി സഞ്ജീവനി' എന്ന പുതിയ ഘടകത്തോടെയാണ് ഇത് പരിഷ്കരിച്ചിട്ടുള്ളതെന്ന് നിയമ-നീതി മന്ത്രാലയം അറിയിച്ചു.

*********************************************

## SHAH-PORTAL LAUNCH

നാഷണൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ലേല പോർട്ടൽ കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ലേല നടപടികളിലെ സുതാര്യതയും കാര്യക്ഷമതയും ശക്തിപ്പെടുത്തുന്നതിനാണ് പോർട്ടൽ. ചടങ്ങിൽ, ചില പ്രധാന ഡിജിറ്റൽ, ജനക്ഷേമ പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിയ്ക്കുമെന്ന് സഹകരണ മന്ത്രാലയം അറിയിച്ചു.

********************************************************************************
*****************************